**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമ വികസന വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി നടത്തിപ്പിന്റെയും, പട്ടിക വർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം ലഭ്യമാക്കുന്നതിന്റെയും മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസറുടെ പൂർണ്ണ അധികചുമതല ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർക്ക് നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2384/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 06.09.2018.**

---

പരാമർശം: 29.08.2018-ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 9833/ഇ.ജി.എസ്.ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1)-ലെ കത്ത് പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി നടത്തിപ്പിന്റെയും പട്ടിക വർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം ലഭ്യമാക്കുന്നതിന്റെയും മേൽനോട്ടം വഹിക്കുന്നതിനായി ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കണമെന്ന് മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.വി.എസ്.സന്തോഷ് കുമാറിന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി നടത്തിപ്പിന്റെയും, പട്ടിക വർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം ലഭ്യമാക്കുന്നതിന്റെയും മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസറുടെ പൂർണ്ണ അധികചുമതല നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത. കെ. എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.വി.എസ്.സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ